സപ്ലൈകോയിൽ ചെറുപയർ, ഉഴുന്ന് എന്നിവയ്ക്ക് നേരിടുന്ന ക്ഷാമം

80 (5758) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോയിൽ വിതരണം ചെയ്യുന്ന ചെറുപയർ, ഉഴുന്ന് എന്നിവയ്ക്ക് ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അത് പരിഹരിക്കാൻ സർക്കാർ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഡിമാന്റ് വർദ്ധിക്കുന്നതിനനുസരിച്ച് പെട്ടെന്ന് സ്റ്റോക്ക് തീർന്നു പോകുമ്പോൾ വീണ്ടും സ്റ്റോക്കെടുക്കാൻ ഉണ്ടാകുന്ന കാലതാമസം പരമാവധി ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പിന്റെ പദ്ധതികൾ

81 (5759) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി ഭക്ഷ്യ-സിവിൽസപ്ലൈസ് വകുപ്പ് പുതിയ എന്തെങ്കിലും പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ടോ ;

(ബി) കർഷകരിൽ നിന്നു സംഭരിക്കുന്ന നെല്ല് അരിയാക്കുന്നതിനുള്ള മില്ലുകൾ വകുപ്പിന് കീഴിലുണ്ടോ ; എങ്കിൽ എവിടെയെല്ലാം ;

(സി) തൃശ്ശൂർ ജില്ലയിൽ ഇത്തരം മില്ലുകൾ ഉണ്ടോ ; ഇല്ലെങ്കിൽ ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ ;

(ഡി) ഭക്ഷ്യ ധാന്യസംഭരണത്തിനും വിതരണത്തിനുമായി നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാം ; പുതിയ പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) കേന്ദ്രസർക്കാരിന്റെ ഭക്ഷ്യ സുരക്ഷാ പദ്ധതി സംബന്ധിച്ച അറിയിപ്പുകളൊന്നും ലഭ്യമായിട്ടില്ല. എന്നാൽ സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷയ്ക്കുവേണ്ടി ബി.പി.എൽ./എ.എ.വൈ. പദ്ധതികളിൽപ്പെട്ടവർക്കുപുറമെ സാങ്കേതികമായി മാത്രം എ.പി.എൽ. വിഭാഗത്തിൽപ്പെട്ട പട്ടികജാതി, പട്ടിക വർഗ്ഗ, മത്സ്യത്തൊഴിലാളി, ആശ്രയ കുടുംബങ്ങൾക്കും അസംഘടിത മേഖലയിലെ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട കർഷകത്തൊഴിലാളി, കയർ, കശുവണ്ടി, ബീഡി, പനമ്പ്, ഈറ്റ, തോട്ടം, ഖാദി, കൈത്തറി, തഴപ്പായനിർമ്മാണം, മൺപാത്ര നിർമ്മാണം എന്നീ വിഭാഗങ്ങളിൽപ്പെട്ട തൊഴിലാളികൾക്കും ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ കുറഞ്ഞത് 50 ദിവസമെങ്കിലും പണി ചെയ്തിട്ടുള്ളവർക്കും സംസ്ഥാന സർക്കാർ സബ്സിഡി നൽകി 2 രൂപ നിരക്കിൽ ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്തു വരുന്നു. ഇതിനായി 500 കോടി രൂപ 2010-11 വർഷത്തേക്ക് നീക്കി വച്ചിട്ടുണ്ട്. അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവ കൂടാതെ മറ്റു അവശ്യവസ്തുക്കൾ കൂടി (പയർ, ഉഴുന്ന്, മുളക്, മല്ലി തുടങ്ങിയവ) റേഷൻ കടകൾവഴി വിറ്റഴിക്കുന്നതിന് ഉദ്ദേശം 354 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പ്രോജക്ട് സംസ്ഥാന സർക്കാർ കേന്ദ്രത്തിന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ചെലവിന്റെ 25% കേന്ദ്രം വഹിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ മൃഗസംരക്ഷണ വകുപ്പിലും, ക്ഷീരവികസന വകുപ്പിലും ഇതിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) ഇല്ല.

(സി) ഇല്ല. പരിഗണനയിലില്ല.

(ഡി) പൊതുവിതരണ സമ്പ്രദായംവഴി വിതരണം ചെയ്യേണ്ട ഭക്ഷ്യധാന്യങ്ങൾ നിലവിൽ എഫ്സിഐയുടെ ഗോഡൗണുകളിലാണ് സൂക്ഷിക്കുന്നത്. കേന്ദ്ര അലോട്ട്മെന്റ് പ്രകാരമുള്ള അരിയുടെ ഒരു ഭാഗം സംസ്ഥാനത്ത് സംഭരിക്കുന്ന നെല്ല് കുത്തരിയാക്കി മാറ്റിയതിൽ നിന്നും നൽകുന്നു. സംസ്ഥാനത്തെ മൊത്തവ്യാപാരികൾ എഫ്.സി.ഐ.യിൽ നിന്നോ മില്ലുകളിൽ നിന്നോ ഓരോ മാസത്തെയും അലോട്ട്മെന്റ് പ്രകാരമുള്ള ഭക്ഷ്യ ധാന്യങ്ങൾ വിട്ടെടുക്കുന്നു. പൊതുവിതരണ വകുപ്പിന് നിലവിൽ സംഭരണശേഷി ഇല്ല. സിവിൽ സപ്ലൈസ് കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നത് കോർപ്പറേഷന് സ്വന്തമായിട്ടുള്ള ഗോഡൗണുകളിലും സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകളിലുമാണ്. ഇവയുടെ വിതരണത്തിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ നേരിട്ട് ചില്ലറ വിൽപ്പന ശാലകൾ തുറന്ന് പ്രവർത്തിക്കിപ്പിക്കുന്നുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഭക്ഷ്യധാന്യ സംഭരണം സഹകാര്യ ഗോഡൗണുകളിൽ നിന്നും സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകളിലേക്ക് മാറ്റുന്നതിന് ആവശ്യമായ സ്ഥലം അനുവദിച്ചുതരണമെന്ന് വെയർഹൗസിംഗ് കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

നെല്ലിന്റെ സംഭരണവില

82(T5760) ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിന്റെ സംഭരണ വില അവസാനമായി വർദ്ധിപ്പിച്ചത് എന്നാണ് ; സംഭരണവില വർദ്ധിപ്പിക്കുന്നതിന്റെ മാനദണ്ഡം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly